**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2210** **12-12-2022 - ൽ മറുപടിയ്ക്ക്**

**കെ-ഫോൺ പദ്ധതി നടത്തിപ്പിനായി കരാർ നൽകിയ സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് കെ-ഫോൺ പദ്ധതിയുടെ നടത്തിപ്പിനായി കരാർ നൽകിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ് (BEL) ആണ് കെ-ഫോൺ പദ്ധതിയുടെ സിസ്റ്റം ഇന്റഗ്രേറ്റർ. ബി.ഇ.എൽ., റെയിൽടെൽ, എസ് ആർ ഐ ടി (Sobha Renaissance Information Technology Pvt. Ltd.), എൽ എസ് കേബിൾസ് എന്നിവയുടെ കൺസോർഷ്യം ആണ് പദ്ധതി നടപ്പിലാക്കുന്നത്. |
| (ബി) | പ്രസ്തുത സ്ഥാപനം കേബിൾ സ്ഥാപിക്കാനായി റെയിൽവയർ അടക്കമുള്ള ഏഴ് സ്ഥാപനങ്ങൾക്ക് ഉപകരാർ നൽകിയത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (ബി) | കേബിൾ സ്ഥാപിക്കാനായി റെയിൽവയറിനു ഉപകരാർ നൽകിയതായി ബി.ഇ.എൽ. കെ ഫോണിനെ അറിയിച്ചിട്ടുണ്ട്. |
| (സി) | കെ-ഫോൺ പദ്ധതിയുടെ നടത്തിപ്പിനായി കരാർ നൽകിയ സ്ഥാപനങ്ങളുമായി സർക്കാർ ഉണ്ടാക്കിയ കരാറിൽ ഉപകരാർ നൽകാം എന്ന് വ്യവസ്ഥ ചെയ്യുന്നുണ്ടോ; വിശദമാക്കാമോ; | (സി) | കെ-ഫോൺ പദ്ധതിയുടെ നടത്തിപ്പിനായി പദ്ധതിയുടെ നിർവഹണ ഏജൻസിയായ കെ.എസ്.ഐ.ടി.ഐ.എൽ. (കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ്) ബി.ഇ.എൽ.-മായി ഏർപ്പെട്ട കരാറിൽ സിസ്റ്റം ഇന്റഗ്രേറ്റർക്ക് കെ.എസ്.ഐ.ടി.ഐ.എൽ.-ന്റെ അനുമതി ലഭ്യമാക്കി ഉപകരാർ നൽകാം എന്ന വ്യവസ്ഥ ഉണ്ട്. ഉപകരാർ നൽകിയാലും വർക്കുകളുടെ പൂർണ ഉത്തരവാദിത്തം സിസ്റ്റം ഇന്റഗ്രേറ്റർക്കാണ്. |
| (ഡി) | ഉപകരാർ ലഭിച്ച റെയിൽവയർ അടക്കമുള്ള സ്ഥാപനങ്ങൾ വീണ്ടും ഉപകരാർ നൽകിയത് കരാർ വ്യവസ്ഥകളുടെ ലംഘനമാണോ എന്ന് വ്യക്തമാക്കാമോ; | (ഡി) | അല്ല. ടെണ്ടർ നടപടികൾ പാലിച്ചാണ് കരാർ നൽകിയിട്ടുള്ളത്. ഗുണനിലവാരം ഉറപ്പാക്കാൻ സംവിധാനമൊരുക്കിയിട്ടുണ്ട്. |
| (ഇ) | സർക്കാരിൽ നിന്നും വൻ തുക വാങ്ങിയെടുത്തുകൊണ്ട് കുറഞ്ഞ നിരക്കിൽ ഉപകരാർ നൽകുന്ന സാഹചര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഇ) | അല്ല. ടെണ്ടർ നടപടികൾ പാലിച്ചാണ് കരാർ നൽകിയിട്ടുള്ളത്. ഗുണനിലവാരം ഉറപ്പാക്കാൻ സംവിധാനമൊരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ